(സി) വാടകയിനത്തിൽ എന്ത് വരവുണ്ട്;

(ഡി) കപൂർത്തല പ്ളോട്ടിന്റെ വിസ്തൃതി എത്രയാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഡൽഹിയിലെ ട്രാവൻകൂർഹൗസ് കേരളസർക്കാരിന്റെ ഇൻഫർമേഷൻ, സാംസ്കാരിക, ടൂറിസം പ്രൊമോഷൻ കേന്ദ്രമായും, കപൂർത്തല പ്ളോട്ട് സംയുക്ത സംരംഭത്തിൽ റസിഡൻഷ്യൽ കേന്ദ്രമായി വികസിപ്പിക്കുന്നതിനുമുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലിരിക്കുകയാണ്.

(ബി) ട്രാവൻകൂർ ഹൗസ് പാലസിൽ 5349.37 ച.അടി ഇപ്പോൾ ഒഴിഞ്ഞുകിടപ്പുണ്ട്. 7320.3 ച. അടി സ്ഥലം വാടകയ്ക്ക് കൊടുത്തിട്ടുണ്ട്.

(സി) വാടകയിനത്തിൽ പ്രതിമാസം 1,68,500 രൂപ എസ്. ബി. ടി.-യിൽ നിന്നും ലഭിച്ചുവരുന്നു.

(ഡി) 3.89 ഏക്കർ.

ഡോ. അംബേദ്ക്കറുടെ പ്രതിമ സ്ഥാപിക്കാൻ നടപടി

11 [12] *ഡോ. എ. നീലലോഹിതദാസൻ നാടാർ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന നിയമസഭാമന്ദിരത്തിന് മുന്നിൽ ഭരണഘടനാശില്പി ഡോ. അംബേദ്ക്കറുടെ പ്രതിമ സ്ഥാപിക്കാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്നാണ് ഈ തീരുമാനം കൈക്കൊണ്ടത്?

ഉത്തരം

(എ) ഭരണഘടനാശില്പി ഡോ. അംബേദ്ക്കറുടെ പ്രതിമ നിയമസഭാമന്ദിരത്തിനു മുന്നിൽ സ്ഥാപിക്കാൻ സർക്കാർ സ്പീക്കറോട് ശുപാർശ ചെയ്തിട്ടുണ്ട്.

(ബി) 30-5-2001-ന് ചേർന്ന മന്ത്രിസഭായോഗമാണ്.

മുഖ്യമന്ത്രിയുടെ ജനസമ്പർക്കപരിപാടി

12 [13] *ശ്രീ. സി. പി. മുഹമ്മദ് :*
ഡോ. എം. എ. കുട്ടപ്പൻ :
ശ്രീ. പി. ശങ്കരൻ :
„ എം. എ. ചന്ദ്രശേഖരൻ:
„ എൻ. ഡി. അപ്പച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്കപരിപാടിയിൽ ആകെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവയിൽ എത്ര എണ്ണത്തിൻമേൽ സാമ്പത്തിക സഹായം ലഭ്യമാക്കിയിട്ടുണ്ട്;

(സി) ആകെ എത്ര തുകയുടെ സാമ്പത്തികപ്രയോജനം, പരാതികളും ഹർജികളും സമർപ്പിച്ചവർക്ക് ലഭിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) — (സി) നവംബർ 30-ാം തീയതി മാത്രമേ ജനസമ്പർക്ക പരിപാടി തീരുകയുള്ളൂ. വിശദ വിവരങ്ങൾ ശേഖരിച്ചുവരുന്നു.

മുഖ്യമന്ത്രിയുടെ ജനസമ്പർക്കപരിപാടി

13 [14] *ശ്രീ. എ. എ. അസീസ്*

,, *കോവൂർ കുഞ്ഞുമോൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ജില്ലാ അടിസ്ഥാനത്തിൽ നടത്തിയ ജനസമ്പർക്കപരിപാടിയിൽ എത്ര പരാതികൾക്ക് തീർപ്പുകൽപ്പിച്ചു ;

(ബി) ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) ഏതെല്ലാം ഇനം പരാതികൾക്കാണ് തീർപ്പുകൽപ്പിച്ചത്;

(ഡി) ജനസമ്പർക്കപരിപാടിയുടെ നടത്തിപ്പിന് എന്ത് തുക ചെലവായി;

(ഇ) ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) — (ഇ) നവംബർ 30-ാം തീയതി മാത്രമേ ജനസമ്പർക്ക പരിപാടി തീരുകയുള്ളൂ. വിശദ വിവരങ്ങൾ ശേഖരിച്ചുവരുന്നു.

പൊതുജനസമ്പർക്കപരിപാടി

14 [15] *ശ്രീ. യു. സി. രാമൻ:*

,, *സി. ടി. അഹമ്മദ് അലി:*

,, *പി. കെ. കെ. ബാവ:*

,, *കളത്തിൽ അബ്ദുള്ള:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസ്ഥാനത്ത് പൊതുജനസമ്പർക്കപരിപാടി പൂർത്തീകരിച്ചിട്ടുണ്ടോ ;

(ബി) ഈ പരിപാടിയിലൂടെ എത്ര പരാതികളിൽ തീർപ്പുകൽപ്പിക്കാൻ കഴിഞ്ഞുവെന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ;

(സി) ഈ പരിപാടിയിലൂടെ എത്രപേർക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ചികിൽസാധനസഹായം നൽകിയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ഡി) ഓരോ ജില്ലയിലും ചികിൽസാ ധനസഹായമായി എത്ര രൂപ നൽകി എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly